# കോഴിക്കോട് കുറ്റ്യാടി നീര പ്ലാന്റിന്റെ ശിലാസ്ഥാപനം നാളെ

തിരുവനന്തപുരം: കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര ഉൽപാദക കമ്പനിയുടെ നീര പ്ലാന്റിന്റെ ശിലാസ്ഥാപനം നാളെ. മരുതോങ്കര പഞ്ചായത്തിലെ മുള്ളൻകുന്നിൽ വൈകിട്ട് മൂന്നിന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്ലാന്റ് ഉദ്ഘാടനം ചെയ്യും. നീര പാനീയം വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലിറക്കാനൊരുങ്ങുന്ന നാളികേര വികസന ബോർഡിനു കീഴിൽ റജിസ്റ്റർ ചെയ്തിട്ടുള്ള 12 നാളികേര ഉത്പാദക കമ്പനികളിൽ അഞ്ചാമത്തേതും കേരകർഷകരുടെ കൂട്ടായ്മയായ ഉൽപാദക സംഘങ്ങളിൽ നിന്ന് ഏറ്റവുമധികം ഷെയർ പിരിച്ചുകൊണ്ട് വൻകിട നീര ഉൽപാദനം ലക്ഷ്യമിടുന്ന കമ്പനി കൂടിയാണ് കുറ്റ്യാടി നാളികേര ഉൽപാദക കമ്പനി. ഗുണമേന്മയേറിയ കുറ്റ്യാടി ഇനം തെങ്ങുകൾക്ക് പ്രശസ്തമായ കുറ്റ്യാടിയിലെ മരുതോങ്കര പഞ്ചായത്തിൽ രണ്ടേക്കർ 13 സെന്റ് സ്ഥലം വിലയ്ക്കുവാങ്ങിയാണ് കമ്പനി നീര പ്ലാന്റ് സ്ഥാപിക്കുന്നത്. നീര ആദ്യം വിപണിയിലിറക്കിയ പാലക്കാട് നാളികേര ഉൽപാദക കമ്പനിക്ക് പിന്നാലെ വടക്കൻ ജില്ലകൾക്കായി കുറ്റ്യാടി കൈപ്പുഴ നാളികേര ഉൽപാദക കമ്പനിയും ഉടൻ നീര വിപണിയിലിറക്കും.

കൃഷിമന്ത്രി കെ.പി മോഹനൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും. കമ്പനിയുടെ ഷെയർ സർട്ടിഫിക്കറ്റുകളുടെ വിതരണോദ്ഘാടനം മുല്ലപ്പള്ളി രാമചന്ദ്രൻ എം.പിയും പ്രാരംഭാടിസ്ഥാനത്തിൽ കമ്പനി തയാറാക്കിയ നീര ശർക്കരയുടെ വിതരണം ഇ.കെ വിജയൻ എം.എൽ.എയും നിർവഹിക്കും. ചടങ്ങിൽ നീര ചെത്താനായി പരിശീലനം നേടിയ നീര മാസ്റ്റർ ട്രെയിനർമാരെ കെ.കെ. ലതിക എം.എൽ.എ പൊന്നാടയണിയിച്ച് ആദരിക്കും. കമ്പനിയുടെ ലോഗോ പ്രകാശനം സി.കെ നാണു എം.എൽ.എ നിർവഹിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് മുഖ്യപ്രഭാഷണം നടത്തും.